## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1931 17.12.2012 ലെ മറുപടിക്ക്

### ആറന്മുളയിലെ ഭൂമി വിമാനത്താവളത്തിനായി കൈമാറുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്: | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുളയിലെ നെൽവയലും തണ്ണീർത്തടങ്ങളും അടങ്ങുന്ന ഭൂമി വിമാനത്താവളത്തിനായി ചെന്നൈ ആസ്ഥാനമായുള്ള കെ.ജി.എസ് കമ്പനിയ്ക്ക് പോക്കുവരവ് ചെയ്തു കൊടുക്കുന്നത് റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയെ സംബന്ധിച്ച് പുറത്ത്വന്ന വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചുവരുന്നു. |
| (സി) | നിയമവിരുദ്ധമായി വാങ്ങിയ ഭൂമിയിൽ, വിമാനത്താവളം നിർമ്മാണത്തിനായി ഇതിനകം സ്വീകരിച്ച എല്ലാ നടപടികളും റദ്ദുചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടോ; എടുക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ഇല്ല. വിമാനത്താവളത്തിനായുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ലാന്റ് സീലിംഗ്, കയ്യേറ്റം, അധികഭൂമി എന്നീ കാര്യങ്ങൾ2008 ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റേയും 1963 ലെ ഭൂപരിഷ്കര നിയമത്തിന്റേയും വെളിച്ചത്തിൽ പരിശോധിക്കുകയും പ്രസക്തമായ നിയമങ്ങൾക്കനുസരിച്ച് ആവശ്യമായ ക്ലിയറൻസുകൾ എയർപോർട്ട് പ്രമോട്ടർ നേടണം എന്നുമുള്ള നിബന്ധനകൾ പ്രകാരമേ പ്രമോട്ടർ പദ്ധതി നടപ്പിലാക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പ്രതിരോധ മന്ത്രാലയവും വ്യോമയാന വകുപ്പും നൽകിയ അനുമതികൾ പിൻവലിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | നിർദ്ദിഷ്ട സ്ഥലത്ത് വിമാനത്താവളം നിർമ്മിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ? | (ഇ) | നിയമാനുസൃതമായി ആവശ്യമുള്ള ക്ലിയറൻസുകളെല്ലാം ലഭ്യമാക്കിയ ശേഷമേ പ്രമോട്ടർ വിമാനത്താവളം നിർമ്മിക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ